പോലീസ് വകുപ്പ്

കേരളം

No. E3-31020/2019/A

ജില്ലാ പോലീസ് ഓഫീസ്,
ആലപ്പുഴ
spalpy.pol@kerala.gov.in
04772239326

തീയതി. 15-06-2020

ലേല പരസ്യം

ആലപ്പുഴ ജില്ലാ സായുധ സേനാ ക്യാമ്പിൽ സൂക്ഷിച്ചിരിക്കുന്നതും ഡിപ്പാർട്ട്മെൻറിന് ഉപയോഗയോഗ്യമല്ലാത്തതുമായ താഴെ സൂചിപ്പിച്ചിട്ടുള്ള ഡിപ്പാർട്ട്മെൻറ് വാഹനങ്ങൾ 2020 ജൂലൈ മാസം 2-ന് പകൽ 11 മണിക്ക് പ്രസ്തുത ക്യാമ്പിൽ വച്ച് പരസ്യമായി ലേലം ചെയ്തു വിൽക്കുന്നതാണ്.

ക്രമനമ്പർ	വാഹന രജിസ്ട്രേഷൻ നമ്പർ	മോഡൽ	നിരതദ്രവ്യം
1	KL 01 AU 9991 INVADER	2009	2,900
2	KL 01 AU 3558 INVADER	2008	2,900
3	KL 01 AV 241 INVADER	2009	3,200
4	KL 01 AV 226 INVADER	2009	3,100
5	KL 01 AS 6311 INVADER	2008	2,900
6	KL 01 AQ 8160 INVADER	2007	2,800
7	KL 01 AV 159 INVADER	2009	3,100
8	KL 01 AV 206 INVADER	2009	3,600
9	KL 01 AN 483 TATA SUMO	2006	2,600
10	KL 01 AG 5338 TATA SUMO	2005	2,600
11	KL 01 AH 2141 BAJAJ CT 100	2005	120
12	KL 01 AH 5141 BAJAJ CT 100	2005	120
13	KL 01 AZ 4929 HH SPLENDER	2010	160
14	KL 01 AK 5558 BULLET	2005	5,700
15	KL 01 AG 8219 BULLET	2005	5,700
16	KL 01 AK 5548 BULLET	2005	5,600
17	KL 01 AG 8229 BULLET	2005	5,600
18	KL 01 AG 8222 BULLET	2005	5,600
19	KL 01 X 9331 JEEP	2002	9,200
20	KL 01 AS 8482 TATA SUMO	2008	3,100
21	KL 01 D 2315 EICHER BUS	1993	5,200
22	KL 01 AB 5847 AMBULANCE	2003	4,200
23	KL 01 AE 5430 MAHINDRA BOLERO	2011	1,600
24	KL 01 AH 5120 Bajaj CT 100	2005	270

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലസ്ഥലത്ത് നേരിട്ട് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുമ്പ് മുകളിൽ കാണിച്ചിരിക്കുന്ന തുക നിരതദ്രവ്യമായി കെട്ടി വെയ്ക്കേണ്ടതുമാണ്. കൂടാതെ വാഹനങ്ങൾ വാങ്ങുവാൻ ഉദ്ദേശിക്കുന്നവരിൽ നിന്ന് മുൻകൂട്ടി സീൽ ചെയ്ത കവറിൽ ദർഘാസ് നേരിട്ടോ തപാൽ മാർഗ്ഗമോ 2020 ജൂലൈ മാസം 1-ന് വൈകുന്നേരം 4 മണിക്ക് മുൻപായി ആലപ്പുഴ ജില്ലാ പോലീസ് ഓഫീസിൽ ലഭിക്കത്തക്കവണ്ണം ക്ഷണിച്ചുകൊള്ളുന്നു.

E3-31020/2019/A 8e28b7

ദർഘാസിനോടൊപ്പം വാഹനത്തിന് നിരതദ്രവ്യമായി പറഞ്ഞ നിരക്കിലും തുകയ്ക്കുമുള്ള, ഏതെങ്കിലും ദേശസാൽകൃതബാങ്കിൽ നിന്നും ആലപ്പുഴ ജില്ലാ പോലീസ് മേധാവിയുടെ പേരിൽ മാറാവുന്ന ഡിമാൻറ് ഡ്രാഫ്റ്റ് ഉള്ളടക്കം ചെയ്യേണ്ടതാണ്. ലേലത്തിൽ പങ്കെടുക്കുവാൻ എത്തിയിട്ടുള്ളവരുടെ സാന്നിദ്ധ്യത്തിൽ ദർഘാസ് തുറക്കുന്നതും ലേലം വിളിച്ച തുകയോ ദർഘാസ് തുകയോ ഏതാണോ കൂടുതൽ, ആ തുകയ്ക്ക്, യുക്തമെന്ന് തോന്നുന്ന പക്ഷം, ബന്ധപ്പെട്ടയാളിൻറെ പേരിൽ വില്പന നിശ്ചയിക്കുന്നതും ടിയാൻ ഉടനെ ദർഘാസ് തുകയുടെ പകുതി സംഖ്യ (നികുതിയുൾപ്പടെ), നിരതദ്രവ്യം കഴിച്ച്, ലേലസ്ഥലത്തുവച്ച് അടയ്ക്കേണ്ടതും ബാക്കി തുക (നികുതിയുൾപ്പടെ), ലേലം/ദർഘാസ് സ്ഥിരപ്പെടുത്തി 10 ദിവസത്തിനുള്ളിൽ അടച്ച് സ്വന്തം ചെലവിൽ ലേലം/ദർഘാസ് പ്രകാരം ലഭിച്ച വാഹനങ്ങൾ നീക്കം ചെയ്യേണ്ടതുമാണ്.

മേൽപ്പറഞ്ഞ പ്രകാരം ലേലം/ദർഘാസ് കൊണ്ടയാൾ മുകളിൽ പറഞ്ഞിരിക്കുന്ന നിബന്ധനകൾ ലംഘിച്ചാൽ ബന്ധപ്പെട്ടയാളുടെ നിരതദ്രവ്യം സർക്കാരിലേക്ക് മുതൽക്കൂട്ടുന്നതും വാഹനങ്ങൾ പുനർലേലം ചെയ്യുന്നതുമാണ്. പുനർലേലത്തിൽ സർക്കാരിന് എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ ആയതിന് ആദ്യം ലേലം കൊണ്ടയാൾ ഉത്തരവാദിയായിരിക്കും. പുനർലേലത്തിൽ മുൻ വിൽപനയേക്കാൾ കൂടുതൽ തുക ലഭിച്ചാൽ ആയതിന് ആദ്യം ലേലം കൊണ്ടയാൾക്ക് യാതൊരുവിധ അവകാശവും ഉണ്ടായിരിക്കുന്നതുമല്ല.

ലേലം ചെയ്യുവാൻ ഉദ്ദേശിക്കുന്ന വാഹനങ്ങൾ ലേലത്തിന് മുൻപുള്ള 10 പ്രവൃത്തിദിവസങ്ങളിൽ രാവിലെ 10 മണി മുതൽ വൈകിട്ട് 5 മണി വരെ ആലപ്പുഴ ജില്ലാ സായുധ സേനാ വിഭാഗം അസിസ്റ്റൻറ് കമാൻഡൻറ് - I ൻറെ മുൻകൂർ അനുവാദത്തോടുകൂടി പരിശോധിക്കാവുന്നതാണ്.

യാതൊരു കാരണവും കാണിക്കാതെ ഈ നോട്ടീസിൻ പ്രകാരമുള്ള ലേലം മാറ്റി വയ്ക്കുകയോ അസ്ഥിരപ്പെടുത്തുകയോ ചെയ്യുവാനുള്ള പൂർണ്ണ അധികാരം ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമാണ്.



സാബു പിഎസ് ഐപിഎസ്
ജില്ലാ പോലീസ് മേധാവി

സ്വീകർത്താവ് : സംസ്ഥാന പോലീസ് മേധാവിയുടെ അറിവിലേക്ക് (ആമുഖക്കത്ത് സഹിതം), ഡെപ്യൂട്ടി പോലീസ് ഇൻസ്പെക്ടർ ജനറൽ, എറണാകുളം റേഞ്ച് (ആമുഖക്കത്ത് സഹിതം), സംസ്ഥാനത്തെ എല്ലാ സിറ്റി പോലീസ് കമ്മീഷണർമാർക്കും ജില്ലാ പോലീസ് മേധാവികൾക്കും കമാൻഡൻറ്മാർക്കും അറിവിലേക്കായി. ആലപ്പുഴ ജില്ലയിലെ എല്ലാ പോലീസ് ഓഫീസർമാർക്കും പ്രചാരണത്തിനായി.

പകർപ്പ് : അസ്സിസ്റ്റൻറ് കമാൻഡൻറ്/ എം ടി ഓ, ഡി എച്ച് ക്യു ആലപ്പുഴ, കാഷ്യർ, ഡി പി ഓ ആലപ്പുഴ, കാഷ്യർ, ഡി എച്ച് ക്യു, ആലപ്പുഴ